അങ്ങനെചെയ്താൽ അതനുസരിച്ചു പ്രവത്തിക്കാം. കൂടുതൽ രോഗികളും വന്നാൽ,, അവരെ പറഞ്ഞയയ്ക്കാനുള്ള മനസ്ഥിതി ഞങ്ങൾക്കില്ല. സ്ഥലം ഇല്ലെങ്കിലും, പതിനായിരം ആളുകളെ കിടത്തി ചികിത്സിക്കാൻ മാത്രം സൗകര്യമുള്ളിടത്തു് ഇരുപത്തിനാലായിരം ആളുകളെ കിടത്തി ചികിത്സിച്ചിട്ടുണ്ടു്. എന്താണു് ഇതിനു ചെയ്യേണ്ടതെന്നു കൗൺസിൽതന്നെ തീരുമാനിച്ചാൽ മതി.

ശ്രീ. തോമസു് ജാൺ: കൗൺസിൽ എന്തു നടപടി സ്വീകരിക്കാനാണു്?

ഡാക്ടർ ഏ. ആർ. മേനോൻ: ശരിയായിട്ടുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടു് ഒരു റസല്യൂഷൻ കൊണ്ടുവന്നു പാസ്സാക്കാമല്ലോ.

കൃഷി നശിപ്പിക്കുന്ന കുരങ്ങുകൾ.

* 1797. [5] ശ്രീ. പി. ഗോപാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയേറെ സ്ഥലത്തെ കൃഷിനശിപ്പിക്കുന്ന കുരങ്ങുകളെ എങ്ങനെയെങ്കിലും പിടിച്ചുമാറ്റി തങ്ങളെ രക്ഷിക്കണമെന്നു് വല്ല അപേക്ഷയും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കുരങ്ങുശല്യം തീർക്കുന്നതിനു ഗവണ്മെൻറു് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആവശ്യത്തിനു് എന്തെങ്കിലും സഹായധനം അനുവദിച്ചിട്ടുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്; തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം പഞ്ചായത്തിൽനിന്നും, ചിറയിൻകീഴു് താലൂക്കിൽ മുദാക്കൽ പഞ്ചായത്തിൽനിന്നും കുരങ്ങുകളെപിടിച്ചു മാറ്റുന്നതിനെപ്പറ്റി കൃഷിക്കാരുടെയും, നാട്ടുകാരുടെയും ഓരോ മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടു്.

(ബി, സി) പ്രസ്തുത ഓരോ പഞ്ചായത്തിൽനിന്നും കുരങ്ങുകളെ ദൂരസ്ഥലങ്ങളിൽ കയറ്റി അയയ്ക്കുന്നതിനു് പ്രത്യേകം ടെൻഡർവിളിച്ചു കൺട്രാക്റ്റു കൊടുത്തിട്ടുണ്ടു്. അതിനുവേണ്ടി ഓരോ പഞ്ചായത്തിനും മൂവായിരം രൂപവീതം കൊടുത്തിട്ടുണ്ടു്. ഇതനുസരിച്ചു് തിരുവല്ലത്തുനിന്നും കുറെ കുരങ്ങുകളെ പിടിച്ചുകൊണ്ടുപോയിട്ടുമുണ്ടു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: എവിടെയാണു് പിടിച്ചുകൊണ്ടുപോകുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: Reserve forest-ൽ കൊണ്ടുവിടും.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: അതു തിരിയെ വരികയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: വരാതിരിക്കത്തക്കവിധം ദൂരത്തുള്ള വനങ്ങളിൽ കൊണ്ടുപോയി വിടും. ഹിന്ദുമതാചാരപ്രകാരം കുരങ്ങുകളെ വെടിവെച്ചു കൊല്ലുന്നതു പാപമാണെന്നു വിശ്വസിക്കുന്ന ജനവിഭാഗം ഉള്ളതുകൊണ്ടാണു് ഈ നടപടി സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. എം നാരായണക്കുറുപ്പു്: കുരങ്ങുകൾക്കു പ്രത്യേകം ഒരു കാളണിയുണ്ടാക്കി അവയെ അവിടെ പാർപ്പിക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി ; കാര്യങ്ങളെ സംബന്ധിടത്തോളം നല്ല കാളണിയാണു് ഫാരസ്റ്റ്. അവിടെ ഇഷ്ടമുള്ള കായ്കനികളും മറ്റും ആവശ്യംപോലെ കിട്ടും, സുഖമായി ജീവിക്കാം.

മെക്കാനിക്കൽ സ്റ്റാഫിന്റെ ശമ്പളസ്കെയിൽ.

*1798. [9] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കു് എസ്റ്റാബ്ലിഷ്മെന്റിൽ മെക്കാനിക്കൽ സ്റ്റാഫിൽപ്പെട്ട ലോറി ഡ്രൈവർ, മെക്കാനിക്കൽ ഓപ്പറേറർ, ഡ്രിൽ ഡ്രൈവർ എന്നീ വിഭാഗക്കാരുടെ ശമ്പളസ്കെയിൽ എന്തു് ;

(ബി) തുല്യജോലി ചെയ്യുന്ന സ്റ്റോറു ട്രാൻസ്പോർട്ടു സർവ്വീസിലെ മെക്കാനിക്കൽ സ്റ്റാഫിനുള്ള ശമ്പളസ്കെയിലിൽ കുറവാണോ, വർക്കു് എസ്റ്റാബ്ലിഷ്മെന്റു് മെക്കാനിക്കൽ സ്റ്റാഫിനു് ;

(സി) അതെങ്കിൽ കാരണമെന്തു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) എസ്റ്റാബ്ലിഷ് മെൻറിൽ മെക്കാനിക്കൽ സ്റ്റാഫിൽപെട്ട, ലോറി ഡ്രൈവർ, മെക്കാനിക്കൽ ഓപ്പറേറർ എന്നിവരുടെ ശമ്പളസ്കെയിൽ, 40–100 രൂ; ഡ്രിൽ ഡ്രൈവരുടെ ശമ്പളസ്കെയിൽ 40–80 രൂ.

(ബി) സ്റ്റോറുട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ മെക്കാനിക്കൽ ഡ്രിൽ ഡ്രൈവറന്മാരില്ല. അവിടെയുള്ള ഡ്രൈവറന്മാർക്കു് 50–130 രൂയും, മെക്കാനിക്കൽ ഓപ്പറേറർമാർക്കു് 50–130 രൂ, 40–120 രൂ. ഇങ്ങനെ രണ്ടു സ്കെയിലുകളുമാണുള്ളതു്.

(സി) വർക്കു് എസ്റ്റാബ്ലിഷ് മെൻറിലും, സ്റ്റോറു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലുമുള്ള മെക്കാനിക്കൽ സ്റ്റാഫിനിടയ്ക്കുള്ള ശമ്പളവ്യത്യാസത്തിനുള്ള കാരണം, അവരുടെ ജോലി തുല്യമല്ലെന്നുള്ളതാണു്.

ഇഞ്ചിപ്പുൽക്കൃഷി†

*1799. †[10] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര ഏക്കർസ്ഥലത്തു് ഇഞ്ചിപ്പുൽക്കൃഷി ചെയ്യുന്നുണ്ടു് ;

(ബി) ഗവണ്മെൻറു സഹായം സ്വീകരിച്ചു് വല്ലവരും ടി കൃഷി നടത്തുന്നുണ്ടോ ;

(സി) സഹായം സ്വീകരിക്കാതെ കൃഷി നടത്തുന്നതു് എത്ര ഏക്കർ,

(ഡി) പുൽതൈലത്തിനു വില വളരെ താണതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം ;

(ഇ) ഈ കൃഷി പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറു് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

† This question was put by Shri K. M. George, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly